പലകപ്പാണ്ടി പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം

82 [539] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലകപ്പാണ്ടി പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർ അവലോകനം നടത്താറുണ്ടോ;

(ബി) ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലം എത്രയാണ്; ഈ സ്ഥലമെടുപ്പ് സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകി; ഇതുവരെ എത്ര സ്ഥലമെടുത്തു; ഇതിന്റെ സ്ഥലമെടുപ്പ് ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇതിന്റെ സ്ഥലമെടുപ്പും പണികളും ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തി ഉത്തരവുണ്ടാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) ഈ പദ്ധതിക്ക് 11.635 ഹെക്ടർ സ്ഥലം ആവശ്യമാണ്. ഇതിൽ 8.26 ഹെക്ടർ സ്വകാര്യ ഭൂമിയും 3.375 ഹെക്ടർ വനം വകുപ്പിന്റേതുമാണ്. പദ്ധതിക്കാവശ്യമായ സ്ഥലം ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം സ്വകാര്യ ഭൂമിയിൽ ഒരു വ്യക്തിയുടേത് ഒഴികെ ബാക്കി 7.448 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. വനംവകുപ്പിന്റെ സ്ഥലവും പദ്ധതിക്കായി അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് ആയി പ്രഖ്യാപിച്ചിട്ടുണ്ട്.

പലകപ്പാണ്ടി പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടി

83 [540] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലകപ്പാണ്ടി പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനെപ്പറ്റി ഇതിനുമുമ്പ് ഏതെങ്കിലും ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നോ; എങ്കിൽ ആരുടെ ബഡ്ജറ്റ് പ്രസംഗത്തിൽ ഏതു വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലാണ് അത് സൂചിപ്പിച്ചിരുന്നത്;

(ബി) ആ വർഷത്തെ ബഡ്ജറ്റിൽ അതിന്റെ ഇൻവെസ്റ്റിഗേഷനുവേണ്ടി വരുന്ന തുക കൊള്ളിച്ചിരുന്നോ;

(സി) അതിന്റെ ഇൻവെസ്റ്റിഗേഷൻ നടത്താനും പണി നടത്താനുമുള്ള അനുമതി നിലവിലുള്ള മന്ത്രിസഭ വരുന്നതിനുമുമ്പ് എപ്പോഴെങ്കിലും നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് പണി നടത്തുന്നതിന് എന്ത് തുകയാണ് അനുവദിച്ചതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സൂചിപ്പിച്ചിരുന്നു. ഒൻപതാം കേരള നിയമസഭയുടെ 1992-93 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ അന്നത്തെ ധനകാര്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി പലകപ്പാണ്ടി പദ്ധതിയുടെ ഇൻവെസ്റ്റിഗേഷനെപ്പറ്റി സൂചിപ്പിച്ചിരുന്നു.

(ബി) നാമമാത്രമായ തുക (ടോക്കൺ പ്രൊവിഷൻ) വകയിരുത്തിയിരുന്നു.

(സി) പര്യവേഷണത്തിന് അനുമതി 1987-ൽ നൽകിയിരുന്നു. എന്നാൽ പണി നടത്തുവാനുള്ള അനുമതി 13-4-2004-ലാണ് നൽകിയത്. പ്രാരംഭ പര്യവേഷണത്തിന് 1992-ന് മുമ്പായി ഗായത്രി പദ്ധതിയിൽ ഉൾപ്പെടുത്തി 7000 രൂപ ചെലവാക്കിയിട്ടുണ്ട്. മൊത്തം 910 ലക്ഷം രൂപ ചെലവിൽ പദ്ധതി നടപ്പിലാക്കുന്നതിനാണ് 2004 ഏപ്രിൽ മാസം ഭരണാനുമതി നൽകിയത്.

പലകപ്പാണ്ടി പദ്ധതി സംബന്ധിച്ച് ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ

84 [541] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലകപ്പാണ്ടി പദ്ധതിയുടെ ഇപ്പോഴത്തെ പണി നടത്തുന്നതിനുള്ള ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ നടത്തിയതെപ്പോഴാണ്; പ്രസ്തുത പദ്ധതിയുടെ ടെക്നിക്കൽ സാംഗ്ഷനും അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനും നൽകിയതെപ്പോഴാണ്;

(ബി) അന്ന് നിലവിലിരുന്ന മന്ത്രിസഭയേതായിരുന്നു; ഇതിന്റെ വർക്കിന് വേണ്ട തുകയനുവദിച്ചതും പണിയാരംഭിച്ചതും എപ്പോഴാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ പണിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; അതിവേഗം ഇതിന്റെ പണി തുടരുന്നതിന് എന്തെല്ലാം ഏർപ്പാടുകളുണ്ടാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പലകപ്പാണ്ടി പദ്ധതി താരതമ്യേന ചെറിയ പദ്ധതി ആയതിനാലും, പാലക്കാട് ജില്ലയിലെ വരൾച്ചയ്ക്ക് പരിഹാരം കാണുന്നതിനായി പദ്ധതി നടപ്പിലാക്കുന്നത് വളരെ അത്യാവശ്യമായതിനാലും വിശദമായ പര്യവേഷണ ജോലികൾ പൂർത്തിയാകുന്നതിന് മുൻപ് പദ്ധതിയുടെ പണി ആരംഭിച്ചു. ഇപ്പോഴത്തെ പണി നടത്തുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ 2004 മാർച്ചിന് മുമ്പായി നടത്തി. ഈ പദ്ധതിയുടെ വിശദമായ പര്യവേഷണം പുരോഗമിക്കുകയാണ്. 13-4-2004-ലെ സർക്കാർ ഉത്തരവ് നമ്പർ 450/2004/ജ.വി.പ്രകാരം ഈ പദ്ധതിയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ടി നാലു ഭാഗങ്ങളായി 16-4-2005-നും 26-4-2005-നും സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly